# എൻ.ഡി.പി. ആർ. ഇ. എം പദ്ധതി

## (പ്രവാസി പുനരധിവാസ പദ്ധതി)

വിദേശത്തുനിന്നു മടങ്ങിയെത്തി നാട്ടിൽ സ്ഥിരതാമസമാക്കുന്ന വർക്കായി കേരള സർക്കാർ നോർക്ക വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതി യാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് (NDPREM). ഈ പദ്ധതി പ്രകാരം, രണ്ട് വർഷത്തെ പ്രവാസത്തിനുശേഷം മടങ്ങിയെത്തിയ പ്രവാസികൾക്കും പ്രവാസി കൂട്ടായ്മകൾക്കും നോർക്ക റൂട്ട്സുമായി കരാറിൽ ഏർപ്പെട്ടിട്ടുളള ധനകാര്യ സ്ഥാപനത്തിലൂടെ വായ്പകൾ സ്വീകരിച്ച് പുതുസംരംഭങ്ങൾ തുടങ്ങാവുന്നതാണ്. സംരംഭകർക്ക് നോർക്ക റൂട്ട്സ് **15%** മൂലധന സബ്സിഡിയും, കൃത്യമായി തിരിച്ച്ടവ് നടത്തുന്നവർക്ക് **3%**പലിശ സബ്സിഡിയും നൽകും. നോർക്ക റൂട്ട്സിന്റെ www.norkaroots.org എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷനു ശേഷം നോർക്ക റൂട്ട്സിന്റെ ഓഫീസിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശാനുസരണം ധനകാര്യ സ്ഥാപനത്തിലേക്കുളള ശുപാർക്കായി ഇതോടൊപ്പം നൽകിയിരിക്കുന്ന അപേക്ഷ പ്രിന്റ് എടുത്ത് രജിസ്ട്രേഷൻ പൂർത്തിയാക്കിയപ്പോൾ ലഭിച്ച എൻ.ഡി.പി രജിസ്ട്രേഷൻ നമ്പർ അപേക്ഷയിൽ രേഖപ്പെടുത്തുകയും, അപേക്ഷകന്റെ ഫോട്ടോ പതിപ്പിച്ച്, പാസ്സ്പോർട്ടിന്റെ ഫോട്ടോ പേജ്, അഡ്രസ് പേജ്, രണ്ടു വർഷത്തിൽ കൂടുതൽ വിദേശത്തായിരുന്നു എന്നു തെളിയിക്കുന്നതിനാവശ്യമായ പാസ്സ്പോർട്ട് പേജുകളുടെ കോപ്പികൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695014 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം നൽകാവുന്നതും സംശയ നിവാരണത്തിന് 0471- 2770511, 18004253939(ടോൾ ഫ്രീ) എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

NORKA ROOTS
A Government of Kerala Undertaking

**അപേക്ഷ ഫാറം**

**നോർക്ക ഡിപ്പാർട്ട്മെന്റിന്റെ പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM)**
**ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ**

| | | |
|---|---|---|
| 1. | രജിസ്ട്രേഷൻ നം | |
| 2. | അപേക്ഷകന്റെ പേരും,മേൽവിലാസവും | |
| 3. | പാസ്പോർട്ട് നമ്പർ | |
| 4. | ടെലിഫോൺ നമ്പർ | |
| 5. | ആധാർകാർഡ് നമ്പർ | |
| 6. | പാൻകാർഡ് നമ്പർ | |
| 7. | തുടങ്ങുവാനുള്ള പദ്ധതി | |
| 8. | പദ്ധതിക്കാവശ്യമായ തുക | |
| 9. | ബാങ്ക്/ബ്രാഞ്ച് ന്റെ വിശദവിവരം | |

**പ്രസ്താവന**

- നോർക്ക ഡിപ്പാർട്ട്മെന്റിന്റെ പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതിയുടെ വ്യവസ്ഥകൾ ഞാൻ വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ട്
- പ്രസ്തുത പദ്ധതിപ്രകാരം അനുവദിച്ച വായ്പ കൃത്യമായി അടച്ചാൽ മാത്രമേ പദ്ധതിപ്രകാരമുള്ള സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുകയുള്ളു എന്നും അല്ലാത്തപക്ഷം അനുവദിച്ച വായ്പ തുകയും പലിശയും ബാങ്കിൽ തിരിച്ചടക്കേണ്ടി വരുമെന്നും ഞാൻ മനസ്സിലാക്കുന്നു.
- എനിക്ക് വായ്പ അനുവദിച്ച ശേഷം ഞാൻ നൽകിയിരിക്കുന്ന അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ എന്തെങ്കിലും ബാങ്കിനോ നോർക്ക റൂട്സിനോ വാസ്തവവിരുദ്ധമാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത വായ്പ റദ്ദാക്കുന്നതും, അനുവദിച്ച തുകയും പലിശയും തിരിച്ചടക്കേണ്ടി വരുമെന്നും കൂടാതെ ഇപ്രകാരം വ്യാജമായി അപേക്ഷ സമർപ്പിച്ചതിന് നിയമ നടപടികൾ നേരിടേണ്ടതായി വരുമെന്നും മനസ്സിലാക്കുന്നു.
- വായ്പ അനുവദിക്കുന്നത് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

സ്ഥലം
തീയതി

അപേക്ഷകന്റെ ഒപ്പ്

---

**ഓഫീസ് ആവശ്യത്തിന്**

..............................................................-അപേക്ഷ വായ്പ അനുവദിക്കുന്നതിന് പരിഗണിക്കാവുന്നതാണ്/പരിഗണിക്കേണ്ടതില്ല.

നോർക്ക റൂട്സ് പ്രതിനിധി